File No.FWLD-A1/133/2018-FWLD

15683
6/9/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

കോതമംഗലം ഡിവിഷൻ - കാളിയാർ റെയിഞ്ച് - മുണ്ടൻമുടി അച്ചൻകവലയ്ക്ക സമീപം കൈവശ സ്ഥലത്തുനിന്നും 6 0" വണ്ണമുള്ള ഈട്ടി മരങ്ങൾ വെട്ടിക്കടത്തിയത് - അച്ചടക്ക നടപടി - സർവ്വശ്രീ.ജിൻസ്.എം.ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, പി.കെ.അനീഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.345/2019/വനം തിരുവനന്തപുരം, തീയതി, 27/08/2019

---

പരാമർശം:- (1) 29.09.2011-ലെ 5871/എ1/2011/വനം നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 08.08.2018-ലെ സ.ഉ.(സാധാ) നം.372/18/വനം ഉത്തരവ്

(3) 16.11.2018 തീയതിയായി ശ്രീ.ജിൻസ് എം. ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, 17.11.2018 തീയതിയായി ശ്രീ.പി.കെ.അനീഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി

(4) സർവ്വശ്രീ.ജിൻസ്.എം.ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, പി.കെ.അനീഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർ യഥാക്രമം ഫയൽ ചെയ്ത ഒ.എ. 2321/18, ഒ.എ.2458/18 എന്നീ കേസുകളിലെ വിധി

(5) 26.03.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി3-27792/09 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിലെ മുണ്ടൻമുടി അച്ചൻ കവലയ്ക്ക് സമീപം കൈവശസ്ഥലത്തു നിന്നും 6 0" വണ്ണമുള്ള ഈട്ടി മരങ്ങൾ വെട്ടി

കടത്തിയതുമായി ബന്ധപ്പെട്ട് സർവ്വശ്രീ.പി.കെ.അനീഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ജിൻസ് എം. ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും ടിയാന്മാരിൽ നിന്നും 12,234/- രൂപ വീതം ഈടാക്കിക്കൊണ്ടും കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (VA) പ്രകാരം 'രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫല പ്രാബല്യത്തോടെ' തടഞ്ഞുകൊണ്ടും പരാമർശം(2) പ്രകാരം ഉത്തരവായി.

2) അച്ചടക്ക നടപടി തീർപ്പാക്കിയതിനെതിരെ ടിയാന്മാർ പരാമർശം (3) പ്രകാരം റിവ്യൂ ഹർജി സമർപ്പിച്ചു. തുടർന്ന് ഇതേ വിഷയത്തിൽ ടിയാന്മാർ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.2321/18, 2458/18 എന്നീ കേസുകളിലെ വിധിന്യായത്തിൽ ഇവർ സർക്കാരിൽ സമർപ്പിച്ച റിവ്യൂ പരിഗണിക്കുന്നതിനും ഇരുവരെയും നേരിൽകേട്ട് തീരുമാനമെടുക്കുന്നതിനും പരാമർശം (4) പ്രകാരം ട്രൈബ്യൂണൽ ഉത്തരവായി. അതിനനുസൃതമായി ഇരുവരെയും വകുപ്പിന്റെ പ്രതിനിധികളെയും നേരിൽ കേൾക്കുകയുണ്ടായി.

3) ശ്രീ.അനീഷ് കുമാറും ജിൻസ്.എം.ജോണും നേരിൽ കേൾക്കൽ വേളയിൽ താഴെപ്പറയുന്നവ ബോധിപ്പിക്കുകയുണ്ടായി. കുറ്റകൃത്യം നടന്ന സ്ഥലം പട്ടയം നൽകിയ ഭൂമിയാണ്. അതിനാലാണ് യഥാസമയം കുറ്റകൃത്യം കണ്ടെത്താൻ സാധിക്കാത്തത്. പട്ടയ ഭൂമി ബീറ്റ് സഞ്ചാരത്തിലുൾപ്പെട്ടതല്ല. കാളിയാർ റെയിഞ്ചിലെ ഭൂരിഭാഗം വനഭൂമിയും സ്വകാര്യ വ്യക്തികൾ കൈയ്യേറിയതാണെന്നും പട്ടയം ലഭിച്ച ഭൂമിയും അല്ലാത്ത ഭൂമിയും വേർതിരിക്കപ്പെട്ടിട്ടില്ലായെന്നും, ഈ രണ്ട് തരം ഭൂമിയിൽ നിന്ന മരങ്ങളും എന്യൂമറേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ വളരെ ഉയരത്തിൽ വളരുന്ന മരങ്ങളുള്ള ടി ഭൂമിയിലെ കുറ്റകൃത്യം യഥാസമയം കണ്ടെത്താനായില്ല. പട്ടയമുള്ള കൈവശ ഭൂമിയിലെ മരങ്ങളുടെ സംരക്ഷണ ചുമതല Kerala Land Assignment Act & Rules പ്രകാരം പട്ടയക്കാരന്റേതാണ്. ടി ഭൂമിയിലെ മരം നഷ്ടപ്പെട്ടാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം പട്ടയക്കാരന്റേതാണെന്നും മുറിയ്ക്കപ്പെട്ട മരത്തിന്റെ നഷ്ടം പട്ടയക്കാരനിൽ നിന്ന് ഈടാക്കുന്നതിനും വൃക്ഷം സംരക്ഷിക്കാതെ വന്നാൽ പട്ടയം റദ്ദ് ചെയ്യാൻ വ്യക്തമായ വ്യവസ്ഥയും ഉൾപ്പെടുത്തിയാണ് പട്ടയം നൽകാറുള്ളത്. തൊണ്ടിയെയും പ്രതിയെയും കണ്ടെത്തി മഹസ്സർ തയ്യാറാക്കിയിട്ടുണ്ട്. രണ്ട് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുൻപാകെ ഹാജരാക്കിയിരുന്നു. ഇവരുൾപ്പെടെ അഞ്ച് പേരെ പ്രതി ചേർത്ത് കോടതി മുൻപാകെ റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതും ഇത് ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളതുമാണ്. ഇതൊക്കെ കണക്കിലെടുത്ത് തങ്ങളെ കുറ്റ വിമുക്തരാക്കണമെന്ന് ഇരുവരും അപേക്ഷിച്ചു.

4) കേസുകൾക്ക് ആസ്പദമായ സ്ഥലം മഹസ്സറുകളിൽ കൈവശ ഭൂമിയാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ഡിസ് റിസർവ്വ് ചെയ്യാത്തതിനാൽ ടി സ്ഥലത്തിന്റെ സ്റ്റാറ്റസ് ഇപ്പോഴും റിസർവ്വ് ആണ് എന്നും ടി സ്ഥലത്ത് നിൽക്കുന്ന ഈട്ടി പോലുള്ള വൃക്ഷങ്ങൾ സംരക്ഷിക്കപ്പെടേണ്ടതായതിനാൽ പ്രാഥമിക ഉത്തരവാദിത്വം കൈവശക്കാരനാണെങ്കിലും ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ഇത് സംരക്ഷിക്കുന്നതിൽ ഉത്തരവാദിത്വമുണ്ടെന്ന് പരാമർശം (5) പ്രകാരം വകുപ്പ് റിപ്പോർട്ട് ചെയ്തു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും നേരിൽ കേട്ട വസ്തുതകളുടെയും വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ റിവ്യൂ ഹർജി നിരസിച്ചുകൊണ്ട് പരാമർശം (4)-ലെ വിധി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷീല എം

അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.കെ.അനീഷ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

ശ്രീ.ജിൻസ്.എം.ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ